## 15 -ാം കേരള നിയമസഭ

## 13 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4646** **19-03-2025 - ൽ മറുപടിയ്ക്ക്**

### മനുഷ്യ-വന്യജീവി സംഘർഷം പ്രതിരോധിക്കാൻ ജനകീയസമിതികൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ ജി എസ് ജയലാൽ ,<br>ശ്രീ. വി. ആർ. സുനിൽകുമാർ,<br>ശ്രീ ഇ ചന്ദ്രശേഖരൻ,<br>ശ്രീ. വാഴൂർ സോമൻ** | | **ശ്രീ. എ. കെ. ശശീന്ദ്രൻ<br>(വനം-വന്യജീവി വകുപ്പ് മന്ത്രി)** | |
| (എ) | മനുഷ്യ-വന്യജീവി സംഘർഷങ്ങൾ ഏറ്റവും രൂക്ഷമായ പ്രദേശങ്ങളെ ഹോട്ട്സ്പോട്ടുകളായി കണ്ട് അവിടങ്ങളിലെ പ്രതിരോധ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനും തുടർപ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിനും ജനപ്രതിനിധികൾ ഉൾപ്പെട്ട ജനകീയസമിതികൾ രൂപീകരിക്കുന്നതിനുദ്ദേശിക്കുന്നുണ്ടോ; വിശദീകരിക്കുമോ; | (എ) | മനുഷ്യ-വന്യമൃഗ സംഘർഷ ലഘൂകരണ പ്രവർത്തനങ്ങൾക്ക് തദ്ദേശീയ തലത്തിൽ നേതൃത്വം നൽകുന്നതിനും ജനപ്രതിനിധികളുടേയും വിവിധ വകുപ്പുകളുടെയും സന്നദ്ധ സംഘടനകളുടെയും പ്രാതിനിധ്യം ഉറപ്പാക്കി കാര്യക്ഷമമായ ഏകോപനം കൊണ്ടുവരുന്നതിനും അതിലൂടെ മികവുറ്റ സേവനം ജനങ്ങളിൽ എത്തിക്കുന്നതിനുമായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പ്രസിഡന്റ് അഥവാ ചെയർപേഴ്സൺമാരുടെ അദ്ധ്യക്ഷ തയിൽ സംസ്ഥാനത്ത് ജനജാഗ്രതാ സമിതികൾ രൂപീകരിക്കുവാൻ 07-02-2017-ലെ സർക്കാർ ഉത്തരവ് (സാ.ധാ) നമ്പർ 51/2017/വനം പ്രകാരം ഉത്തരവായിരുന്നു. ആയതിൻ പ്രകാരം സംസ്ഥാനത്ത് 280 ജനജാഗ്രതാസമിതികൾ പ്രദേശികതലത്തിൽ പ്രവർത്തിച്ചു വരുന്നുണ്ട്. കാലാവസ്ഥാവ്യതിയാനം, ആവാസവ്യവസ്ഥയിൽ ഉണ്ടാകുന്ന ശോഷണം തുടങ്ങിയ വിവിധ കാരണങ്ങളാൽ ജനവാസമേഖലയിൽ വന്യമൃഗസാന്നിദ്ധ്യം മൂലമുണ്ടാകുന്ന മനുഷ്യ-വന്യമൃഗ സംഘർഷം കൂടുതൽ ഫലപ്രദമായി കൈകാര്യം ചെയ്യേണ്ട വിഷയമാണെന്ന വസ്തുത ഉൾക്കൊണ്ടുകൊണ്ട് 07-03-2024-ലെ സ.ഉ (കൈ)നമ്പർ 12/2024/ വനം പ്രകാരം സംസ്ഥനതലത്തിലും, ജില്ലാതലത്തിലും, പ്രദേശിക തലത്തിലുമായി നാല് സമിതികൾ രൂപീകരിച്ചിരുന്നു. ഇത്തരത്തിൽ രൂപീകരിക്കപ്പെട്ട പ്രദേശിക സമിതിയുടെ ഘടനയും ജനജാഗ്രതാ സമിതിയുടെ നാളിതുവരെയുള്ള പ്രവർത്തന പരിചയവും സംയോജിപ്പിച്ചു കൊണ്ട്, ജനജാഗ്രതാ സമിതികളെ പുനഃസംഘടിപ്പിക്കുന്നതിന് 12/03/2025 നം- സ.ഉ. (സാധാ) നം. 104/2025/വനം പ്രകാരം സർക്കാർ ഉത്തരവായിട്ടുണ്ട്. ടി സർക്കാർ ഉത്തരവിന്റെ |

| | | | |
|---|---|---|---|
| | | | അടിസ്ഥാനത്തിൽ ജനപ്രതിനിധികൾ ഉൾപ്പെട്ട ജനജാഗ്രതാ സമിതികൾ പുനഃസംഘടിപ്പിക്കണമെന്നുള്ള നിർദേശം വനം-വകുപ്പിലെ എല്ലാ ഫീൽഡ് ഓഫീസുകൾക്കും നൽകിയിട്ടുണ്ട്. |
| (ബി) | വന്യജീവി സംഘർഷങ്ങൾ രൂക്ഷമായ ഗ്രാമപഞ്ചായത്തുകളിൽ സന്നദ്ധ പ്രവർത്തകരുടെ നേതൃത്വത്തിൽ പ്രൈമറി റെസ്പോൺസ് ടീമിനെ രൂപീകരിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; വിശദീകരിക്കുമോ; | (ബി) | ഉദ്ദേശിക്കുന്നുണ്ട്. മനുഷ്യ-വന്യമൃഗ സംഘർഷ ലഘൂകരണപ്രവർത്തനങ്ങൾ ഊർജ്ജിതപ്പെടുത്തുന്നതിനുവേണ്ടി 10 വിവിധോന്മുഖപരിഹാര പദ്ധതികൾ (10 Missions) അംഗീകരിച്ചും അവ നടപ്പാക്കുന്നതിനുമായി സംസ്ഥാന/റീജിയണൽ നോഡൽ ഓഫീസർ- മാരെ നിയോഗിച്ചും 26.02.2025-ലെ സ.ഉ (കൈ) നം.08/2025/F&WLD പ്രകാരം സർക്കാർ ഉത്തരവായിട്ടുണ്ട്. ഈ പത്ത് മിഷനുകളിൽ പ്രധാനപ്പെട്ട ഒന്നാണ് മിഷൻ PRT (Mission Primary Response Team). മനുഷ്യ-വന്യമൃഗ സംഘർഷം റിപ്പോർട്ട് ചെയ്യപ്പെട്ടാൽ ആർ.ആർ.ടി., മറ്റു സംവിധാനങ്ങൾ എന്നിവ എത്തിച്ചേരുന്നതിനു മുമ്പ് സത്വരമായി ഇടപെട്ട് സുരക്ഷിതമായ സംഘർഷ ലഘൂകരണ പ്രവർത്തനങ്ങൾ ആരംഭിക്കുക എന്നതായിരിക്കും മേൽപ്പറഞ്ഞ പ്രൈമറി റെസ്പോൺസ് ടീമിന്റെ ചുമതല. 07-03-2024-ലെ സ.ഉ (കൈ) നം. 12/2024/വനം പ്രകാരം രൂപീകരിക്കപ്പെട്ട ബഹു.മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിലുള്ള സമിതിയുടെ 27.02.2025-ൽ നടന്ന യോഗത്തിൽ മനുഷ്യ-വന്യമൃഗ സംഘർഷം നിലനിൽക്കുന്ന എല്ലാ പ്രദേശങ്ങളിലും, പ്രാദേശിക പരിജ്ഞാനമുള്ള സന്നദ്ധരായ തദ്ദേശവാസികളെ ഉൾപ്പെടുത്തി പ്രൈമറി റെസ്പോൺസ് ടീമുകളെ രൂപീകരിച്ച് അവർക്കാവശ്യമായ മാർഗ്ഗനിർദ്ദേശങ്ങളും പ്രായോഗിക പരിശീലനവും നൽകി സജ്ജമാക്കുവാൻ നിർദ്ദേശിച്ചിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ സന്നദ്ധരായ തദ്ദേശവാസികളിൽ നിന്നും യോഗ്യരായവരെ തെരഞ്ഞെടുത്ത് പ്രൈമറി റെസ്പോൺസ് ടീമുകൾ രൂപീകരിക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു. |
| (സി) | വന്യജീവി ആക്രമണങ്ങളെ ഫലപ്രദമായി പ്രതിരോധിക്കുന്നതിനുവേണ്ടി വനംവകുപ്പ് ദുരന്തനിവാരണ വകുപ്പുമായി സഹകരിച്ച് നടപ്പിലാക്കുന്ന പ്രവർത്തനങ്ങൾ എന്തെല്ലാം; വിശദീകരിക്കുമോ? | (സി) | മനുഷ്യ-വന്യമൃഗ സംഘർഷത്തെ 07/03/2024-ന് സർക്കാർ ഉത്തരവ് നം.(കൈ)4/2024/DMD പ്രകാരം “സംസ്ഥാന സവിശേഷ ദുരന്തമായി” പ്രഖ്യാപിക്കുകയുണ്ടായി. മനുഷ്യ-വന്യമൃഗ സംഘർഷ ലഘൂകരണത്തിനായി വിവിധ സർക്കാർ വകുപ്പുകളുടെ ഏകോപനത്തോടുകൂടിയുള്ള പ്രവർത്തനം ഇതിലൂടെ സാധ്യമാകുന്നു.<br><br>• സംസ്ഥാന ദുരന്തനിവാരണ അതോറിറ്റിയുടെ ഫണ്ട് ഉപയോഗിച്ച് മനുഷ്യ-വന്യജീവി സംഘർഷം ലഘൂകരിക്കുന്നതിനുള്ള ശാക്തീകരണ |

| | | | |
|---|---|---|---|
| | | | പ്രവർത്തനങ്ങളുടെ ഭാഗമായി വനം വകുപ്പ് ആസ്ഥാനത്ത് സ്റ്റേറ്റ് ഫോറസ്റ്റ് എമർജൻസി ഓപ്പറേഷൻ സെന്ററും 36 വനം ഡിവിഷനുകളിൽ ഡിവിഷണൽ ഫോറസ്റ്റ് എമർജൻസി ഓപ്പറേഷൻ സെന്ററുകളും പ്രവർത്തിച്ചു വരുന്നു. മനുഷ്യ-വന്യജീവി സംഘർഷം ലഘൂകരിക്കുന്നതിനായി ഫോറസ്റ്റ് എമർജൻസി ഓപ്പറേഷൻ സെന്ററുകൾ സജ്ജമാക്കുന്നതിന് 372.796 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്.<br>• നാട്ടിലിറങ്ങി ജീവനും സ്വത്തിനും ഭീഷണിയുണ്ടാക്കുന്ന കാട്ടുപന്നികളെ വെടിവയ്ക്കുന്നതിനുള്ള ഓണറേറിയം 1,500/- രൂപയും, ജഡം മറവു ചെയ്യുന്നതിനുള്ള തുക 2,000/- രൂപയും നൽകുന്നതിന് GO (Rt) No. 108/2025/DMD തീയതി 06/03/2025 പ്രകാരം ഉത്തരവായിട്ടുണ്ട്. ദുരന്തനിവാരണ അതോറിറ്റി ടി തുക ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വഴി നൽകുന്നു.<br>• RRT-കൾക്ക് ഉപകരണങ്ങൾ വാങ്ങുന്നതിനും ടൂൾ റൂമുകൾ സജ്ജീകരിക്കുന്നതിനും RRT ജീവനക്കാർക്ക് പരിശീലനം നൽകുന്നതിനുമായി മൂന്ന് കോടി രൂപയുടെ പ്രൊപ്പോസൽ സമർപ്പിച്ചിട്ടുള്ളതും ആയത് SDMA-യുടെ പരിഗണനയിലുമാണ്.<br>• വനം വകുപ്പിൽ നിലവിലുള്ള വിവിധ വൈൽഡ് ലൈഫ് വെറ്ററിനറി യൂണിറ്റുകൾ ശാക്തീകരിക്കുന്നതിന് 2.26 കോടി രൂപയുടെ പ്രൊപ്പോസൽ സമർപ്പിച്ചിട്ടുള്ളതും ആയത് SDMA-യുടെ പരിഗണനയിലുമാണ്. |

സെക്ഷൻ ഓഫീസർ